പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2213 | 16.08. 2017 ൽ മറുപടിക്ക്

**വൈദ്യുതി ബില്ലിനോടൊപ്പം ഈടാക്കുന്ന അധിക തുക**

ചോദ്യം | ഉത്തരം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് വൻ വൈദ്യുതി തട്ടിപ്പ് നടത്തുന്നത് ശ്രദ്ധിക്കുവാൻ പ്രത്യേക സംവിധാനം ഉണ്ടാക്കുമോ; വൈദ്യുതി തട്ടിപ്പ് മൂലം കെ.എസ്.ഇ.ബി.യ്ക്ക് വർഷം തോറും ശരാശരി എത്ര തുക നഷ്ടപ്പെടുന്നുണ്ട്; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം, ദുരുപയോഗം തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും തടയുന്നതിനും പ്രത്യക സംവിധാനം ഉണ്ട്. ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടു കൂടി ആന്റിപവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രത്യേക വിഭാഗം പ്രവർത്തിച്ചു വരുന്നു. ഇതിൽ എല്ലാ ജില്ലകളിലും പോലീസുകാർ കൂടി ഉൾപ്പെട്ട 14 ആന്റിപവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സെക്ഷൻ തലത്തിലും, ഡിവിഷൻ തലത്തിലും നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ നിലവിൽ ഉണ്ട്. വൈദ്യുതി മോഷണം കൂടാതെ വൈദ്യുതി ഉപയോഗത്തിലെ ക്രമക്കേടുകൾ കൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഇതു കൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് കണ്ടുപിടിക്കാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും, മീറ്ററിന്റെ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി മീറ്ററുകൾ സീൽ ചെയ്യുന്നുമുണ്ട്.<br>എ.പി.റ്റി സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് ആവശ്യമായ ആധുനിക സംവിധാനങ്ങളുള്ള ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. എ.പി.റ്റി സ്ക്വാഡുകളുടെ പ്രവർത്തനഫലമായി 2016-17 കാലയളവിൽ വൈദ്യുതി മോഷണം, ദുരുപയോഗം തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തിയതിൽ 4133 കേസുകളിലായി എകദേശം 49.5 കോടി രൂപ പിഴയായി ചുമത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിനോടൊപ്പം അധികമായി ഈടാക്കുന്ന തുക തിരികെ നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഇലക്ട്രിസിറ്റി ആക്ട് 2003, കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 തുടങ്ങിയ ചട്ടങ്ങൾ പ്രകാരം അനുവദിച്ച തുക മാത്രമാണ് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത്. ഇത് കണക്കാക്കിയതിൽ ഏതെങ്കിലും വിധത്തിൽ തെറ്റ് സംഭവിക്കുന്ന പക്ഷം, ആയത് ചൂണ്ടിക്കാണിക്കുന്ന മുറയ്ക്ക് തെറ്റ് തിരുത്തുന്നതാണ്. എല്ലാ ഉപഭോക്താക്കളുടെയും കരുതൽ നിക്ഷേപം ഓരോ വർഷവും പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. നിലവിലുള്ള നിക്ഷേപം ചട്ടങ്ങൾ അനുശാസിക്കുന്നതിലും കുറവാണ് എന്ന് കണ്ടാൽ, കുറവ് നികത്താനായി ഉപഭോക്താക്കളോട് ആവശ്യപ്പെടാറുണ്ട്. പിന്നീടുള്ള വർഷങ്ങളിൽ ശരാശരി വൈദ്യുതി ചാർജ്ജ് കുറയുന്ന പക്ഷം അധികമുള്ള കരുതൽ നിക്ഷേപം തിരികെ നൽകാറുണ്ട്. കൂടാതെ വൈദ്യുതി ദുരുപയോഗം തുടങ്ങിയ ക്രമക്കേടുകൾ കണ്ടാൽ, നിലവിലുള്ള നിയമപ്രകാരം ഈടാക്കേണ്ട തുകയും ഒടുക്കാൻ ഉപഭോക്താക്കൾ ബാധ്യസ്ഥരാണ്. |
| (സി) ബില്ലിന്റെ കൂടെ അധിക തുക ഈടാക്കുവാൻ വൈദ്യുതി ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ടോ;<br>(ഡി) അനാവശ്യമായി അധിക തുക ഈടാക്കുന്ന സെക്ഷനുകളിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) & (ഡി) നിയമപരമായി ഈടാക്കേണ്ടുന്ന തുകയല്ലാതെ അധിക തുക ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ